**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2518** | **12/02/2020-ൽ മറുപടിയ്ക്ക്**

## അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ ജില്ലാ ബാങ്കുകളിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ മുന്നോടിയായി സംസ്ഥാനത്തിന്റെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും ഭരണസമിതി പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരുന്നോ; | (എ) | 2017-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകൾ നിലവിൽ വന്നതോടെ ജില്ലാ സഹകരണ ബാങ്കുകളിൽ ഉണ്ടായിരുന്ന ഭരണ സമിതികൾ ഇല്ലാതായതിനെ തുടർന്ന് ടി ബാങ്കുകളിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരുന്നു. |
| (ബി) | അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ താല്ക്കാലിക, ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജില്ലാ ബാങ്കുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ബാങ്കിലും ഇപ്രകാരം നടത്തിയ താല്ക്കാലിക നിയമനങ്ങളുടെ വിശദാംശം നൽകുമോ; | (ബി) | അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ താത്കാലിക, ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിയ താത്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മലപ്പുറം ജില്ല സഹകരണ ബാങ്ക്</u>**<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്യൂൺ തസ്തികയിൽ മൂന്നു തവണയായി ആറു മാസം കാലാവധിയിൽ 41 പേരേയും, സ്റ്റെനോ/ടൈപ്പിസ്റ്റ് തസ്തികയിൽ നാല് തവണയായി ആറു മാസം കാലാവധിയിൽ പത്ത് പേരേയും, ഡ്രൈവർ തസ്തികയിൽ ആറുമാസം കാലാവധിയിൽ ഒരു നിയമനവും നടത്തിയിട്ടുണ്ട്.<br><br>**<u>വയനാട് ജില്ല സഹകരണ ബാങ്ക്</u>**<br><u>കോൺട്രാക്ട് വ്യവസ്ഥയിൽ:-</u><br>സെക്യൂരിറ്റി -4 പേർ<br>സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - ഒരാൾ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - ഒരാൾ<br>എൽ 1 ഹെൽപ്പ് ഡെസ്ക് - 2 പേർ<br>ഹാർഡ് വെയർ & നെറ്റ് വർക്കിംഗ് സപ്പോർട്ട് - 2 പേർ<br><br><u>ദിവസവേതനം</u> - പ്യൂൺ - 10 പേർ<br><br><u>താത്കാലികം</u> (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്)<br>ക്ലർക്ക് കാഷ്യർ - 8 പേർ<br>**ആകെ - 28 പേർ**<br><br>**<u>കണ്ണൂർ ജില്ല സഹകരണ ബാങ്ക്</u>**<br><u>ദിവസവേതന വ്യവസ്ഥയിൽ:-</u><br>ഡ്രൈവർ - 5 പേർ<br>ടൈപ്പിസ്റ്റ് - 3 പേർ<br>ടെലഫോൺ ഓപ്പറേറ്റർ - ഒരാൾ<br>ഓഫീസ് ബോയ്- ഒരാൾ<br>പ്യൂൺ - 60 പേർ<br>പാർട്ട് ടൈം സ്വീപ്പർ - 23 പേർ<br>നൈറ്റ് വാച്ച്മാൻ - 3 പേർ<br><br><u>കോൺട്രാക്ട്</u><br>നൈറ്റ് വാച്ച്മാൻ- 8 പേർ.<br><br>**ആകെ-104 പേർ** |
| (സി) | ഇപ്രകാരം താല്ക്കാലിക നിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെന്ന് അറിയിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**